എനിക്കാദ്യമായി ഇവിടെ പ്രതിപാദിക്കാനുള്ളതു ഗവണ്മെൻറിന്റെ ഭരണനയത്തെ സംബന്ധിച്ചാണ്. ഭരണവിഷയത്തിൽ പൊതുജനങ്ങളോടുള്ള ഉത്തരവാദിത്വം ഗവണ്മെൻറു എത്രകണ്ടു നിർവ്വഹിക്കുന്നുണ്ടെന്നു മനസ്സിലാക്കുന്നതിനുള്ള ഒരു മാനദണ്ഡം പൊതുജനപ്രതിനിധിസഭകളോടു ഗവണ്മെൻറു കാണിക്കുന്ന ആദരവിനെ പ്രധാനമായി ആശ്രയിച്ചാണിരിക്കുന്നതു്. ഈ സഭയോടു ഗവണ്മെൻറുകാണിച്ചിട്ടുള്ള അനാദരവിനെക്കുറിച്ചു രണ്ടുവാക്കു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഒന്നാമതു ഈ സഭ വാദപ്രതിവാദം നടത്തിയശേഷം ബഹുഭൂരിപക്ഷത്തോടുകൂടി പാസാക്കിയിട്ടുള്ള പലേ റസല്യൂഷൻകളും സാധാരണ റസല്യൂഷൻ, തെങ്ങിൽനിന്നും കിട്ടുന്ന വിഭവങ്ങളുടെ കയറുമതി തീരുവ നിരുത്തണമെന്നുള്ള റസല്യൂഷൻ, ക, ൦ ൦ ൦ രൂപായ്ക്കു മേൽശമ്പളം നിശ്ചയിച്ചു ന്യായനിയമനങ്ങൾ നടത്തരുതെന്നുള്ള റസല്യൂഷൻ ഗവണ്മെൻറു ഇതേവരെയും സ്വീകരിക്കുകയോ പ്രായോഗികമാക്കുകയോ ചെയ്തിട്ടില്ലാ. ഇതിനുംപുറമെ, സ്റ്റാൻഡാർഡൈസേഷൻ സ്കീമിനു് വിപരീതമായി അതു നടപ്പാക്കിയതിന്റെ അടുത്തദിവസംതന്നെ ക, ൫ ൦ ൦ രൂപാ ശമ്പളത്തിൽ ഒരു ചീഫ് ജസ്റ്റീസിനേയും, ക, ൪ ൦ ൦ രൂപാ ശമ്പളത്തിൽ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷണറേയും നിയമിച്ചിരിക്കുന്നു. ഇതു് ഗവണ്മെൻറിന്റെ പ്രഖ്യാപിതനയത്തിനു് വിരുദ്ധമാണു്. പ്രാരംഭകാലംമുതൽ ഈ സഭയ്ക്കു നൽകിവന്നിരുന്ന ഒരവകാശത്തെ ഗവണ്മെൻറു ഇത്തവണ ഇല്ലായ്മചെയ്തിരിക്കുന്നു. ബഡ്ജറു സമർപ്പണം കഴിഞ്ഞാൽ അതുപഠിക്കാൻ മുൻപു കുറെ സമയം അനുവദിച്ചിരുന്നു. ഇത്തവണ ബഡ്ജറുസമർപ്പണദിവസംമാത്രം ബഡ്ജറിന്റെ പ്രതികൾ സഭാംഗങ്ങൾക്കുനൽകുകയും അന്നുമുതൽക്കുതന്നെ ഏറ്റവും ഗൌരവമായ വിഷയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തിരിക്കുന്നു. ഏകദേശം ഒട്ടുമിക്ക രാത്രിയിലുമുള്ള ബഡ്ജറിനെ സംബന്ധിച്ചു യാതൊരു പഠനവും നടത്താതെ വിമർശനം നടത്തുന്നതെന്നാണോ ഗവണ്മെൻറു ആഗ്രഹിക്കുന്നതു?

പബ്ലിക്ക് സർവ്വീസ് റിക്രൂട്ട്മെൻറിനെ സംബന്ധിച്ചു വേണ്ട അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു രണ്ടു നിയമസമിതികളിലേയും വാദപ്രതിവാദത്തിനു വിഷയമാക്കുകയുണ്ടായി. അന്നു ഈ സഭ പ്രതിപാദിച്ചിരുന്ന അഭിപ്രായത്തിനു വിപരീതമായി ഈ രാജ്യത്തെ സ്ഥിതിഗതികളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചു യാതൊരു പരിജ്ഞാനവും ഇല്ലാത്ത ഒരു ഉദ്യോഗസ്ഥനെയാണ് പബ്ളിക്ക് സർവീസ് കമ്മീഷണരായി നിയമിച്ചിട്ടുള്ളതു്. ആ ഉദ്യോഗസ്ഥൻ രഹസ്യമായി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ സംബന്ധിച്ചുള്ള നിയമസഭകളുടെ അഭിപ്രായം എന്താണെന്നറിവാൻപോലും സാവകാശം നൽകാതെ തന്നെ അതിന്മേൽ അവസാന തീരുമാനം ചെയ്തിരിക്കുന്നതിനെക്കാൾ കൂടുതൽ ഉത്തരവാദിത്വമില്ലായ്മയുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. (മി: പി. കെ. നാരായണപിള്ള: ഹീയർ, ഹീയർ) ഇങ്ങനെ ജനപ്രതിനിധികളോടു ഗവണ്മെൻറുകാണിക്കുന്ന അനാദരവുഗവണ്മെൻറിന്റെ സുയശസ്സിനുതന്നെ ഹാനികരമാണു്.

ഒരു കർഷകരാജ്യമായ തിരുവിതാംകൂറിലെ ജനതതികളിൽ നാമമാത്രമായ ഒരു ഭാഗംമാത്രമേ പട്ടണങ്ങളിൽ താമസിക്കുന്നുള്ളൂ. പട്ടണവാസികളുടെ ആനന്ദജീവിതത്തിനും രാജ്യരക്ഷണത്തിനും വേണ്ട ധനം കൊടുക്കുന്നതു ഗ്രാമവാസികളായ സാധുകർഷകവൃന്ദമാണ്. അവരുടെ സുഖസൌകര്യാദികളെ സംബന്ധിച്ചു് യാതൊരുശ്രദ്ധയും പതിപ്പിക്കാതെ പട്ടണവാസികളുടെ സുഖസൌകര്യാദികൾ വർദ്ധിപ്പിക്കുന്നതിനാണു് ഗവണ്മെൻറു് പ്രധാനമായി ഈ ബഡ്ജറിൽ രൂപീകരണത്തിൽ ഔൽസുക്യം പ്രദർശിപ്പിച്ചിട്ടുള്ളതു്. ഗ്രാമങ്ങളുടെ അധഃപതനത്തോടുകൂടി രാജ്യവും ഗവണ്മെൻറും അധഃപതിക്കുമെന്നും ഗ്രാമോദ്ധാരണംകൊണ്ടു മാത്രമേ ഭാവി സുരക്ഷിതമാകയുള്ളൂ എന്നുമുള്ള വസ്തുത ഗവണ്മെൻറു് ഇനിയെങ്കിലും ധരിക്കണം. ഈ മഹൽതത്വത്തെ അടിസ്ഥാനമാക്കിയാണു് ഫസൽ 9-ലെ ബഡ്ജറിൽ സാമ്രാജ്യ ഗവണ്മെൻറു് ഒരു കോടി രൂപാ ഗ്രാമോദ്ധാരണത്തിനായി നീക്കിവച്ചിട്ടുള്ളതു്. ഈ വസ്തുത ഒരുപക്ഷേ തിരുവിതാംകൂർ ഗവണ്മെൻറു് ഇതേവരെ അറിഞ്ഞിട്ടില്ലായിരിക്കാം. ഫ ഫ ഫ 0-ലെ സാമ്പത്തികാധഃപതനത്തിന്റെ രൂക്ഷതയും ദുർബ്ബാല്യതയുടെ പാരമ്യവുംനാമമാത്രമായെങ്കിലും കുറവുചെയ്തു കർഷകർക്കു തെല്ലാശ്വാസം നൽകണമെന്നുള്ള സദുദ്ദേശത്തോടുകൂടി കരത്തിന്റെഒരംശവും ഫീസിന്റെഒരംശവും ഗവണ്മെൻറു, ഫ ഫ ഫ 0-ൽ ഇളവുചെയ്തുകൊടുക്കാൻ കാരുണ്യമുണ്ടായ ഗവണ്മെൻറു, ഗ്രാമോദ്ധാരണവിഷയത്തിലാകട്ടെ ഭൂനികുതിയും സ്റ്റാംപ്ഫീസും സംബന്ധിച്ച കാര്യത്തിലാകട്ടേ ഈ കാരുണ്യം ഫ ഫ ഫ ഫ-ലെ ബഡ്ജറു രൂപീകരണത്തിൽ കാണിച്ചിട്ടില്ലെന്നുള്ളതു ഏറ്റവും സങ്കടകരമായ ഒരവസ്ഥയാണു്. ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടതു് ഗ്രാമീണരുടെ സങ്കടാവ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥക്ക ശമനംനൽകുന്ന വിഷയത്തിൽ ഗവണ്മെൻറു യാതൊന്നും ചെയ്യുവാൻ യഥാർത്ഥമായി ശ്രമിക്കുന്നില്ലെന്നാണു്. കൃഷിവായ്പ ഇനത്തിൽ ഭീമമായ സംഖ്യകൾ സഭയെ ഉപേക്ഷിച്ചുകൊട്ടത്ത പുതുക്കോട്ട ഗവണ്മെൻറിന്റെ നടപടികൾ ഈ അവസരത്തിൽ സ്മരണീയമാണു്.

അസോഷിയേറൻഡ് പ്രസ്സിനു ഗവണ്മെൻറിൽനിന്നും ൨,൦൦൦ രൂ. പ്രതിമാസം കൊടുത്തുവരുന്നുണ്ടെന്നാണ് എന്റെ അറിവു്. ഇത്ര ഭീമമായ ഒരു സംഖ്യ തടസ്സമരണമായ യാതൊരുഫലവും ലഭ്യമാകാത്ത സംഗതിക്കായി ഗവണ്മെൻറു കൊടുക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

MR. M. SIVATANU PILLAI (*Tovala*) : ഇങ്ങനെ കൊടുത്തുവരുന്നു എന്നുള്ള വിവരം മെമ്പർ എങ്ങിനെ അറിഞ്ഞു?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : എങ്ങിനെ അറിഞ്ഞെന്നുള്ള വിവരം ഇവിടെപറയേണ്ടആവശ്യമില്ല അതു confidential ആണു്.

MR M. SIVATANU PILLAI (*Tovala*) : മെമ്പർ അതു വാസ്തവമാണെന്നു വിശ്വസിക്കുന്നുണ്ടോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : പരമാർത്ഥമായി വിശ്വസിക്കുന്നു. ഇങ്ങനെ വമ്പിച്ച സംഖ്യ പൊതുജനഹിതത്തിനു വിപരീതമായി കൊടുക്കുന്ന ഗവണ്മെൻറിനു എന്റെ കാൺസ്റ്റിറ്റ്യുവൻസിയിൽ ഒരു ചങ്ങാടം വേണമെന്നു പലതവണ അപേക്ഷിച്ചിട്ടും ഇതുവരേയും അനുവദിക്കാൻ സന്മനസ്സുണ്ടായില്ല എന്നു വസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിന്റെ എല്ലാം അർത്ഥം പൊതുജനങ്ങളോടു ഗവണ്മെൻറിനു ഉത്തരവാദിത്വമില്ലെന്നാണു്.

ഇനി എനിക്കു മാക്രിയും ടോളിനെപ്പറ്റിയാണു് പറയുവാനുള്ളതു്. ഈ സംഗതിയെ സംബന്ധിച്ചു് ഈ സഭയിൽതന്നെ തുടരെ പ്രതിപാദിച്ചിട്ടുള്ളതാണു്. ഈ ഇനത്തിൽ അടുത്ത ആണ്ടത്തേക്കു ഗവണ്മെൻറു പ്രതീക്ഷിച്ചിരിക്കുന്ന ആദായം ൫,൦൦൦ രൂപായാകുന്നു. ഇതു പബ്ലിക്കു മാർക്കറ്റ്സിൽനിന്നും ഈടാക്കുന്നതുകയാണു്. എന്നാൽ പ്രൈവറ്റു മാർക്കറ്റുടമസ്ഥന്മാർ ഇതിൽനിന്നും എത്രയോ ഭീമമായ സംഖ്യയാണു് സാധു കൃഷീവലന്മാരെ ഞെക്കി ചന്തക്കരം എന്നുള്ള നിലയിൽ പ്രതിവർഷം വസൂൽചെയ്യുവരുന്നുള്ളതു് നെയ്യാറരംകര

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിലെ ആറാലുംമൂട്ചന്തയുടെ ചരിത്രംഅറിയാവുന്നവക്കറിയാം: ഫ്രാൻ-ലെ ലാൻഡ് റവന്യൂ ഡിപ്പാർട്ടമെൻറിലെ ഭരണറിപ്പോർട്ടനുസരിച്ചു ഫ്രന്യൂവ പബ്ളിക്ക് ചന്തകളിൽനിന്നും വ്വ,൦൦൦ രൂപാ കിട്ടിയിട്ടുണ്ടെന്നു കാണുന്നു. ആറാലുംമൂട്ചന്തയിൽ നിന്നും ഇപ്പോഴത്തെ കണക്കനുസരിച്ചും പ്രതിവർഷം ൪,൦൦൦ രൂപായിൽ കൂടുതൽ ഒരു പ്രൈവറ്റു ചന്ത ഉടമസ്ഥനു കിട്ടിവന്നിരുന്നു എങ്കിൽ, നമ്മുടെ പ്രൈവറ്റു ചന്തയുടമസ്ഥന്മാർക്കു കർഷകരിൽനിന്നും എത്ര ഭീമമായ സംഖ്യ പ്രതിവർഷം കിട്ടിവരുന്നു എന്നു ഗൌരവമായി ആലോചിക്കേണ്ടതല്ലേ? പ്രൈവറ്റു ചന്തയുണ്ടാക്കുന്നതു ആ ഭൂമിയുടെ ഉടമസ്ഥനു സാധുക്കളിൽനിന്നും അവിഹിതമായി ധനം സമ്പാദിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിതീർന്നിരിക്കുന്നതു എത്രയോ സങ്കടകരമാണ്. ഭൂമി പതിപ്പിക്കുകയോ വിലയ്ക്കു വാങ്ങുകയോ ചെയ്യുന്നതിനു പണം കൊടുക്കുകയും ആ ഭൂമിക്കു കരംകൊടുക്കുകയും ഭൂമിയിലുള്ള തെങ്ങു, പ്ലാവു, മുതലായ വൃക്ഷങ്ങൾക്കു പ്രത്യേകം കരം കൊടുക്കുകയും ചെയ്യുന്ന ഒരു സാധുപൌരൻ ആ വൃക്ഷങ്ങളിൽനിന്നും കിട്ടുന്ന ഫലങ്ങളും, ഭൂമിയിൽചെയ്യുന്ന അദ്ധ്വാനത്തിൻെറ ഫലങ്ങളും ക്രയവിക്രയം ചെയ്യുന്നതിനു ചന്തയെ ആശ്രയം പ്രാപിക്കുന്ന അവസരത്തിൽ ആയതിനു പ്രത്യേകം കരം കൊടുക്കണമെന്നുള്ള നിയമം അസാന്മാർഗ്ഗികമായിട്ടുള്ളതല്ലേ? ചന്തക്കരത്തിൻെറ ഭാരം യഥാർത്ഥത്തിൽ വഹിക്കുന്നതു മുഴുവനും പാവപ്പെട്ട കൃഷിക്കാരാണ്. ധനവാന്മാരുടെ കാർഷികോല്പന്നങ്ങളെ ചന്തയിൽ കൊണ്ടുവന്നു ക്രയവിക്രയം ചെയ്യേണ്ട ആവശ്യം അവക്കില്ല. അതിനാൽ ഈ സങ്കടത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനായി ചന്തക്കരം ഉടനടി ഗവണ്മെൻറു നിറുത്തുകയും പ്രൈവറ്റു ചന്ത ഉടമസ്ഥന്മാർ ചന്തക്കരം ഈടാക്കുന്നതു ശിക്ഷാർഹമാക്കുകയും ചെയ്യേണ്ടതാണ്.

ഇനിയും എനിക്കു പറയുവാനുള്ളതു് അനാവശ്യമായ ഉദ്യോഗസൃഷ്ടികളെപ്പറ്റിയാണ്. ആളുകൾക്കു വേണ്ടി മാത്രം ഉദ്യോഗം സൃഷ്ടിച്ചു് ഭീമമായ ശമ്പളം കൊടുത്തുവരുന്ന സമ്പ്രദായം നിറുത്തേണ്ടതിൻെറ അവശ്യകതയെ സംബന്ധിച്ചു് ഈ സഭയിൽ വളരെ പ്രാവശ്യം പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റോറ്സ് സ്റ്റാറ്റ് ഡയറക്റ്റർസ്, പ്രൊട്ടക്റ്റർ ആഫ് ഗെയിം, ടെഡ് എജൻറ്, ഇത്തരത്തിലുള്ള ഉദ്യോഗസൃഷ്ടികൾ രാജ്യക്ഷേമത്തിനു പര്യാപ്തങ്ങളല്ലാ എന്നറിയുന്നതുകൊണ്ടു് അതിലേയ്ക്കു പൊതുമുതലിൽനിന്നും പണം ചിലവുചെയ്യുന്ന ഏർപ്പാടു ഇനിയെങ്കിലും നിറുത്തിയില്ലെങ്കിൽ തൻമൂലം ഗവണ്മെൻറിനോടു പൊതുജനങ്ങൾക്കുള്ള വിശ്വാസത്തിനും ബഹുമാനത്തിനും ഹാ

LIBRARY ARCHIVES Kerala Legislative Assembly

നി സംഭവിക്കുന്നതാണെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum—Rural*): കൊള്ളാവുന്ന ഒരു ടെയിഡ് ഏജൻറായാലും വേണ്ടാ എന്നാണോ അഭിപ്രായം?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : ഇപ്പോഴത്തെ Trade Agent നെസംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഈ ഉദ്യോഗസൃഷ്ടി ഇതേവരെയും രാജ്യക്ഷേമത്തെ ഒട്ടുംതന്നെ വർദ്ധിപ്പിച്ചിട്ടില്ലതന്നെ. തിരുവിതാംകൂറിൽ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം മൂർദ്ധന്യാവസ്ഥയിൽ എത്തിക്കഴിഞ്ഞു. ഡിപ്പാർട്ടുമെൻറ മേലധികാരികളിൽ ആരെങ്കിലും നീതിവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നപക്ഷം അവർക്ക് മാർഗ്ഗദർശകമായ രീതിയിൽ ശിക്ഷ നൽകി സർവീസിൽനിന്നും ഉടനടി പിരിച്ചുവിടണമെന്നുള്ളതാണ് എനിക്കു ശക്തിപൂർവം പറയുവാനുള്ളത്. (മി. എസ്സ്. ജെ. നായർ: ഹിയർ, ഹിയർ).

അങ്ങനെ പിരിച്ചുവിടുന്ന ഉദ്യോഗസ്ഥന്മാരെ പിറേറദിവസം തിരിച്ചു വിളിച്ചുവരുന്ന സമ്പ്രദായവും നിറുത്തണം. ഇതുയും ഇവിടെപ്രതിപാദിക്കാനിടയായതു് ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ ഔദ്യോഗികമായ ചില അനീതികളും തോന്ന്യാസങ്ങളും ചെയ്തുവരുന്നു എന്നുള്ള പത്രപ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് (Mr. E.V. Krishna Pillai, Hear. hear.)

അദ്ദേഹംതന്നെ അഞ്ചൽസൂപ്രണ്ടായിരുന്ന അവസരത്തിലും ഇതുപോലെ ചില പിശകുകൾ പ്രവർത്തിച്ചിട്ടുള്ളതായി അറിയുന്നു. ഇതു ശരിയാണെന്നു ഗവണ്മെൻറിനു ബോധ്യംവരുന്നപക്ഷം മാർഗ്ഗദർശകമായി ശിക്ഷനൽകി സർവ്വീസിൽനിന്നും ഉടനടി പിരിച്ചുവിടണം.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnathur*) : പത്രപ്രസ്താവനകളുടെ സ്വഭാവം എന്താണു്?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : അതിൻെറ സ്വഭാവം വിവരിക്കുന്നതിനു വളരെ ദീർഘസമയം വേണ്ടിവരുമെന്നുള്ളതുകൊണ്ടും എനിക്കനുവദിച്ചിട്ടുള്ള സമയം ചുരുങ്ങിയതായതുകൊണ്ടും ഞാൻ അതിലേക്കു ഇപ്പോൾ കടക്കുന്നില്ല. വേണ്ടിവരുന്നപക്ഷം ഈവക അനാശാസ്യനടപടികളെ സംബന്ധിച്ചു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽകൊണ്ടുവരാൻ ഞാൻ തയ്യാറാണു് എന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ മാന്യസ്നേഹിതൻ മി. കൃഷ്ണപ്പണിക്കർ പറഞ്ഞതുപോലെ ജനങ്ങളുടെ ആരോഗ്യസംബന്ധമായ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ഗവണ്മെന്റു പതിപ്പിക്കണമെന്നുള്ള സംഗതിയാണു ഇനി എനിക്കു പറയുവാനുള്ളതു്. ഇംഗ്ലീഷ ചികിത്സാസമ്പ്രദായം നല്ലതാണെങ്കിലും അതിന്റെ വ്യയം വളരെ കൂടുതലായിരിക്കുന്ന സ്ഥിതിക്കും, ആയുർവ്വേദചികിത്സയിൽ ജനങ്ങൾക്കു കൂടുതൽ വിശ്വാസമുള്ളതുകൊണ്ടും, രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വൈദ്യശാലകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനും പുറമേ ആയുർവ്വേദ ഡിസ്പെൻസറികൾ കൂടി സ്ഥാപിക്കേണ്ടതാണു്. ഇങ്ങനെ ചെയ്താൽ മാത്രമേ ആയുർവ്വേദചികിത്സയുടെ പരിപൂർണ്ണഫലം ജനങ്ങൾക്കു അനുഭവയോഗ്യമാവുകയുള്ളൂ. കൂടുതൽ വൈദ്യശാലകൾക്കു ഗ്രാന്റു കൊടുക്കാൻ ഏതാനും സംഖ്യ അടുത്ത ആണ്ടത്തെ ബഡ്ജറിൽ ചേർത്തിട്ടുണ്ടു്. എന്നാൽ ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ചു് അവകൾ മൂലം ജനങ്ങളുടെ ആരോഗ്യത്തെ പുലർത്താൻ യാതൊരുസംഖ്യയും അടുത്തകൊല്ലത്തെ ബഡ്ജറിൽ ഇല്ലെന്നുകാണുന്നതു് എത്രയും പരിതാപകരമാണു്. ഇത്രയും പ്രധാനസംഗതികൾ ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചു കൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിക്കുന്നു.

MR. T. KRISHNA PILLAI (*Neyyattinkara II*): Sir, let me at the very outset express my grateful appreciation for the lucid and clear statement, characterised by frankness and restraint, made by the Financial Secretary in presenting the Budget estimate for 1111, to this House. I admit it, Sir, with a sense of gratitude, because even though the usual time that had been allotted to us to study the Budget was cut short this time, I was able to study it more easily than I was able to in the past. In other respects, apart from the form and the finish, the Budget is eminently disappointing; not because it is a deficit Budget, but as it fails to portray to any extent the real condition of the people; nor does it envisage any constructive proposal to alleviate the present distress due to the phenomenal fall in the prices of agricultural produce of all kinds. This time last year, his predecessor in office, amidst his financial gymnastics to balance the budget, had the kindness and courtesy to recognise that there was acute economic depression, though to no advantage or benefit; but this year, the Financial Secretary has not only not recognised the prevalence of such a calamity, but at the same time gone to that extent of audaciously forecasting an increase in the Land Revenue by three lakhs.

Without any definite, clearcut economic policy beneath it, the Budget is not at all encouraging or satisfactory.

One arresting feature in Travancore administration today is the steady, systematic and rather disproportionate growth of its expenditure

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Krishna Pillai.]

on routine services and on ordinary governmental function. The Financial Secretary would have us believe that this is due not to any abnormal expansion of any department nor to the increase in any large recurring expenditure. Evidently, he thinks that, for the creation of new appointments, the creation of new departments is a condition precedent. From the innumerable foot-notes abounding in the budget, it will be clear that a number of new appointments have been created and that old allowances have been enhanced and new allowances proposed. The Government of Travancore has a peculiar fascination for the creation of more and more appointments, and the poetry of it, is, temporaries of today metamorphose themselves to permanents of tomorrow. I am constrained to say, Sir, that this has grown so much of late that it has begun to threaten the financial equilibrium of the State.

The standardisation of salaries recently resorted to by the Government is bereft of any immediate benefit to the people. The very procedure adopted by the Government, that is to say, in having everything done behind the back of this House, did portend from the very start after all what it would bring out in the end. Without in the least affecting those who are at the top of the official ladder, it has seriously affected those who are in the lower rungs, it has necessarily created a sort of discontent among the latter class and has also given them a sort of moral justification and excuse for corruption, at least for those who have the facility and the tendency for it. When people on this side of the House ask for emergent measures for the immediate benefit of the people, carrying out measures which would bring about a saving in driblets in the distant future, bespeaks but the lack of seriousness and sincerity of Government in doing things that would be of immediate advantage to the people.

Coming to the various departments, Sir, it is heart-rending to find that the operations of the Industries Department have been completely starved. It has been often said that a Government which does not save the people from agricultural indebtedness nor prevent the decay of indigenous industries is unconsciously laying the foundation for cutting deep at the root of the source of its own income. The Census Commissioner, in his Report, observes :—

> "Industrialization at a more rapid pace will alone enable the country to provide the means of subsistence to the growing population, which could not possibly be absorbed by agriculture, developing, as it does, rather slowly under many limitations and handicaps".

A more authoritative and patriotic pronouncement on a question of such vital importance cannot, at present, be conceived ; and taking the cue from this, the Dewan himself, the other day, stressed on the importance of the development and revival of the cottage industries of the State. But in spite of the fact that these gentlemen are at the helm of affairs at present in Travancore, it surpasses human comprehension to understand why this fatal policy of drift is being continuously and consistently followed by the Department of Industries.

LIBRARY ARCHIVES Kerala Legislative Assembly

We know that the Director of Industries is now focussing his energies on some large-scale industries on a factory basis but I submit, Sir, that, for Travancore in its present backward and immobile industrial condition, such large-scale industries backed by big capital can be had only if it is not at the expense of the small nascent industries of the State. This morning Mr Kunjukrishna Pillai referred to the possibility of making sugar from sweet toddy. This and other similar matters were made much of last year but nothing of it has been mentioned in this year's speech. Evidently, the Industries Director is obsessed with sending 50 tons of *eeta* to Bengal and with the discovery of trade agents to serve under that wonderful specimen in Bombay. (*Laughter.*) From the innumerable interpellations and their answers and from the volumes of supplementary questions asked on the floor of this House, we are able to gather that at any rate the trading community of Travancore has not been able to benefit by the existence of the Trade Agent at Bombay. From the experience we have had of these sales depots and Trade Agents, I think it is suicidal to embark on such costly experiments at this time of the day.

A word about the P. W. D., a department which fails to justify even the very appellation by which it is called. I may in this connection refer to the speech made by the Dewan the other day when we assembled at the Joint Session of the Legislature. He waxed eloquent when he spoke on the measures of relief that Government had in view and intended taking up soon. He said that in addition to allotting adequate sums for public works, additional allotments will be made for the improvement of ordinary irrigation works. Sir, much water has flown under the bridge since that epoch-making utterance of the Dewan. About the results the less said the better. In my own taluk, Neyyattinkara, out of 100 odd tanks there just two or three, have been chosen at random and notified in the Government Gazette. My taluk is essentially a tank-fed and a rain-fed one and its salvation depends entirely on irrigation facilities. Works for which there were innumerable petitions and representations and even interpellations answered as well as un-answered have not been taken up as if with a vengeance. In regard to allotments for Public Works in general, for rural parts I would quote the words of Mr. S. J. Nair and repeat that the Budget is a veritable Trivandrum Budget. I am not at all against the expenditure of money to beautify this town ; I am indeed for making this Capital a capital city but this is not the time for all this extravagance, however necessary or commendable this may be. But I am gratified to note one feature. The necessity for spending money on Trivandrum has induced Government to take to the policy of going in for borrowed capital for capital works. And I do congratulate the Government for taking to such a bold policy.

In spite of the express promise made in the Press Communique which accompanied the Devaswom Proclamation, which clearly and unequivocally fixes the contribution from the General Revenues to the Devaswom Fund, such contribution is steadily going down. From

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Krishna Pillai.]

Rs. 16 lakhs it came down to Rs. 14 lakhs, and now it has come down to Rs. 12 lakhs. May I ask the Government through the Financial Secretary whether the Devaswom Proclamation is not to be given effect to to the very letter? Should we not do it? When the remissions of land revenue were granted, was the Devaswom Commissioner consulted? Was any adjustment made ever since 1098 in order to make the contribution two-fifths of the actual revenue realisations? Evidently, the Financial Secretary, in his anxiety to minimise the deficit in the budget, has ventured to take away some portion from the contribution to the Devaswom Fund, and has at the same time entrenched his position by making the Devaswom budget non-votable and also by removing it from the purview of this House to some extent.

What I cannot relish or appreciate is the attitude of Government, the policy adopted by them, in not taking the people's representatives into their confidence. In this matter again, I may refer to the Dewan's speech. He told us that the legislative body will be considered an integral part of the Government. But, Sir, what do we find in actual practice? Things for which the representatives of the people clamour for are not being done, and things which they are vehemently against are done. My point is amply illustrated by the attitude of Government towards those who follow the noble profession of journalism in our country. From the various resolutions which we sent up, but which, as ill-luck would have it; never came up for discussion, it will be clear that the representatives of the people were not for retaining that obnoxious piece of legislative activity, familiarly known as the Press Law, in the Statute Book any longer. I for one am not blind to the rather abusive rhetoric of an abominably obscene kind that so many of our newspapers indulge in.

MR. S. NILAKANTA PILLAI (*Chirayinkil II*): I congratulate the Financial Secretary on the somewhat interesting financial statement he has presented to us. Unlike the speeches of the Financial Secretary on previous occasions, we have, this year, had some good features in the Financial Secretary's speech. Hitherto, it has been the uniform policy of the Government to present only a surplus budget. That policy has been abandoned by the present Financial Secretary, and a deficit budget has been boldly presented to us. Till recently the financial policy of the Government was to keep the year's expenditure within the revenue realised in that year and to keep the available surplus as a reserve for future emergencies. Although the present change in the policy does not actually enure to the benefit of the generality of the subjects of His Highness the Maha Raja, yet it is, on principle, a change for the better.

To consider some of the good features of the Financial Secretary's speech, there is first of all the admission by him that capital expenditure should be met out of borrowed funds. Even now it did not strike him that in order to afford facilities for a luxurious life at the

LIBRARY ARCHIVES Kerala Legislative Assembly

capital and also other big towns of the State, the general revenue of the State should not be expended. The constitution of a Board of Agriculture consisting of official and non-official members is another good feature. Though the Department of Agriculture was established years ago, it has not made any headway towards the improvement of scientific cultivation in the land. The proposed Board is entitled to review the work of the Agricultural Department, to suggest new problems for research work and also to devise new methods for propaganda. Then there is the proposal to place the Fisheries Section of the Agricultural Department under the immediate supervision and control of a technically qualified officer. This, Sir, affords ample facilities for the better development of the department. Then there is the provision for the introduction of the State Library System as also the provision for the establishment of a factory for refining clay. All these are good features which will go a great way to develop the financial position of the country.

Sir, these things are calculated to benefit only the minority of the people. Let us see how far the Financial Secretary has considered the welfare of the majority of the people. In this connection, it is necessary to examine the nature of the demands that necessitated a deficit budget. The Financial Secretary consoles himself by saying that the deficit of Rs. 6.96 lakhs is not due to any large increase in the recurring and ordinary items but is due to certain non-recurring and extraordinary items. This House would have been more glad if he had said that this deficit has been occasioned on account of the provisions made for recurring and ordinary items of expenditure. The deficit has been caused on account of the provisions made for Murajapam ceremony, Military works, the construction of a Council Chamber and also the Trivandrum Town Planning scheme. All these, Sir, could have been postponed and the Financial Secretary and the Government which he represents could have profitably allotted these amounts to relieve the suffering of the people in the country parts. Considering the grave situation consequent on the depression brought about by the phenomenal fall in the price of articles and the recurring failure of crops, I ask, Sir, do the Financial Secretary and the Government which he represents really deserve to be congratulated ?

A perusal of the Financial Secretary's speech will convince one of the utter indifference shown towards the people in villages. While the people in the villages are suffering on account of their inability to get water either for drinking or for irrigation purposes, the Government are spending large sums of money for the supply of good water in Trivandrum. While the people in the villages do not find means to light their lamps even during the time of their meals at night, the capital city and other big towns of the State are being lighted with electric lights. While the people clamour for more roads in order to facilitate easy communication from one part of the country to another, their moderate demands are refused and the Government are ready to

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Nilakanta Pillai.]

spend enormous funds for the working out of highly costly schemes such as the Trivandrum Town Planning scheme. Sir, no Government, however autocratic, unsympathetic and irresponsible it may be towards the people, would have overlooked the pitiable condition of the villagers and allotted large sums for the comforts and conveniences of the blessed minority. Unless the Government take up measures to relieve the suffering of the villagers, the people will be driven to the necessity of taking an undesirable attitude; and the sooner this pitiable position is removed the better it is for a healthy relation between the people of the country and the Government.

MR. S. CHATTANATHA KARAYALAR (*Shencotta*): Sir, the budget estimates presented to us for the coming year are as usual based upon the revised estimates for the current year. However, the Government anticipate a net increase of about Rs. 9 lakhs over the current year's estimated revenue. To this increase of about Rs. 9 lakhs, land revenue contributes, according to the Financial Secretary, about Rs. 3·3 lakhs. I am afraid, Sir, that the anticipations of Government in this respect are bound to be falsified. Sir, cries have been heard on the floor of this House urging Government to grant substantial remissions of land tax and other concessions, and I am sure the same cries will be repeated on the floor of this House this year and for years to come. The remissions and concessions granted by Government during past years do not really touch even the fringe of the problem. There is something wrong somewhere. These cries for remissions and concessions are being repeated year after year; and that indicates, in my opinion, that there is something wrong in the system of land revenue obtaining now I am of opinion, Sir, that the present system is defective. The burden of land tax ought to be distributed evenly throughout the country; and the Government ought to be able to devise a scheme whereby this burden of taxation can be distributed more equitably. That, I think, would really solve the problem. The problem is not one of a temporary nature. It is a permanent one calling for a permanent solution. I mean the land revenue policy of Government should be revised and should be placed on a very sound and satisfactory basis.

Coming to the other items of revenue, Sir, I find, in the budget estimates for the next year, a revenue of about Rs. 5·5 lakhs is expected under tolls. Sir, this House has repeatedly urged upon the Government that tolls should be abolished and that this source of revenue should not be resorted to. This House has repeated, reiterated and recorded its considered opinion against the retention of this source of revenue. I cannot understand why Government is so irresponsive to the modest wishes of the House in this matter, especially as an alternative source of revenue has been suggested to recoup the loss of revenue that may be incurred by the abolition of tolls.

LIBRARY ARCHIVES Kerala Legislative Assembly

Coming now to the programme of capital works, Government deserve to be congratulated on accepting a new policy whereby capital works, whether they are remunerative or unremunerative in character, should be executed out of loans raised for the purpose. It is a recognition of the policy that this House has been urging on the attention of Government, namely, that schemes of a capital nature should be financed only out of capital raised by way of loans. Though Government have recognised this as a sound financial policy, yet they seem to be vacillating even this year. They say that, for the present, they would advance money out of debt heads and they are yet undecided as to whether a loan should be floated for the purpose of financing the capital schemes proposed to be worked out next year. I do not understand why, after having stated a definite policy with regard to financing the capital schemes, Government should not give effect to their new policy in regard to the Pallivasal Scheme, the China clay and porcelain factory and others.

Again, Sir, with regard to the financing of the new schemes, I wish to make another observation. Some of these works are proposed to be financed partly out of advances under debt heads and partly out of current revenues. I will give one instance. Government have provided a sum of Rs. 7 lakhs for Town Planning, out of which Rs. 5·5 lakhs would be found from debt heads and Rs. 1·3 lakhs out of Revenue. I cannot understand how Government are justified in meeting expenditure on one particular scheme alone out of two heads, Revenue and Debt Heads. A particular scheme should be financed either from capital or by allottment from revenue only and not under both heads. I would like to be elucidated by the Financial Secretary on this point.

Government deserve to be congratulated on their policy of industrialisation, adumbrated and inauguated last year and proposed to be pursued with greater vigour during the comming year. I refer to such industrial undertakings as the Rubber Factory, Clay Refinery, and Porcelain Factory, the Pallivasal Scheme, etc. These schemes are bound ultimately to advance the material prosperity of the people, though no tangible results may be seen immediately.

I have got a word to say about the Road Development Fund. A Road Development Fund was constituted a year or two ago and an appendix added to the Budget Estimates showed particulars of receipts and expenditure, the opening balance, etc. This appendix has suddenly disappeared from the Budget this year. I hope, Sir, that the Government have not made a raid upon this fund and absorbed it into the general reserves. In regard to the works proposed to be met out of the Road Development Fund, there is no clear policy. It is not known on what principle the works are determined to be met out of the Road Development Fund and out of the ordinary allotments for the P. W. D.

I have to make one observation about the investment in Government security. Government hold something like Rs. 27 lakhs in Government of India securities of a non-terminable nature. These

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Chattanatha Karayalar.]

securities are liable to violent fluctuations from time to time. I suggest that these securities be converted into terminable securities which are more or less of a stable nature.

The non-terminable securities have appreciated considerably now and this is therefore the most opportune time for converting them into terminable securities which are not liable to any wide fluctuations. If this is effected, we can always have an idea of the approximate value of our holdings.

With these observations, I congratulate Government for the very forward Budget they have presented to us this year.

MR. R. SIVARAMAN NAIR (*Tiruvalla II*) : Sir, though I do not pose myself to be an expert at the Budget, to me it appears that the present budget is a mere sham. Viewing it from a ryot's point of view, I think that there is nothing consoling in the whole budget or in the Financial Secretary's long speech. The Financial Secretary deserves to be congratulated in one respect. He has made a venture to present a deficit budget. It helped us in one particular, *i. e.*, to view the budget very carefully because this is a new venture on the part of the Financial Secretary. But he has left no stone unturned to show this budget to be a surplus budget. Had it not been for some capital expenditure on some unexpected items, he would surely have had a surplus budget.

Sir, about the items of income, the Financial Secretary has got only golden dreams. He has very high expectations. He expects Rs. 3 lakhs more from the Ayacut Revenue. During the whole of his speech, there is not a single word about the economic depression prevailing now. There is not even an attempt to think of that. It appears that he has not yet awakened from his golden dreams and realised the hard realities of life all around. Sir, it appears that it is a very deplorable state of affairs to ask a Financial Secretary to concede that fact though patent. I do not know if it is done with any motive. I am sure it is a fact which he has intentionally suppressed.

Another golden dream of the Financial Secretary is to be seen under the item Education. He expects Rs. 1,00,000 from Vernacular and English Schools. The difficulties of the tax-payer in paying the tax and sending his boys and girls into the schools are indeed very great. It appears from this that the financial Secretary does not wish to make any reduction in the payment of tax or in the payment of fees.

Coming to the expenditure side, Government seem to be persistent in keeping on certain institutions and offices in the teeth of public opinion. The Sales Depot here is practically doing nothing. I was told that the demand for it was thrown out by the Finance Committee. But, in spite of that, it is again to be found in the Budget. Take again the Trade Agent at Bombay. If he had done anything, it would have been said in the Budget speech. I think he has done nothing and so nothing is said about him in Budget speech. Sir,

LIBRARY ARCHIVES Kerala Legislative Assembly

another such office is the Protector of games. About Rs. 7,000 are allotted for that officer. On a perusal of the Administration Report for 1109, we find that the money spent for the amelioration of the depressed classes was only Rs. 4,000. It is a shame that the Government could provide only Rs. 4,000 for the Protector of depressed classes, while this year they spent Rs. 7,000 for the Protector of wild elephants and tigers.

Coming to the P. W. D., though the learned Financial Secretary would say that he has made provision for Rs. 95·7 lakhs, apart from capital works such as Water Works, Telephone and Electricity, the actual money spent is Rs. 4·2 lakhs. Under Agricultural Loans, there was always a demand in the press and on the platform that the allotment should be increased. In this year's Budget, there is only a provision of Rs. 2·5 lakhs. This is Rs. 1 lakh less than last year. In regard to the Co-operative Department, there was a ceremonial discussion in the House yesterday about the Devadhar Committee Report. I do not find my way to see why that discussion we had here. If Government are not going to allot a good and sufficient amount for that department, that discussion was simply a waste of public time and money.

About the general policy of Government, I would say a word. Ever since the passing of the old Press Regulation, there was a cry that it was really shutting the mouth of public opinion. Under that public opinion was only suppressed, and we complained. What is the result? Now the Government have killed public opinion. There cannot be any free public opinion now. Journalism is not for praise alone. It is not simply for showering blessings and good wishes on officers. It is to point out independently, honestly and boldly, the public opinion about these officers. If any officer wishes to do something to the tax-payer, he will only welcome the opinion of a tax-payer on matters where he errs. Another fact I have to bring to the notice of this House is about the resolution passed last year about the cut in salaries. The Financial Secretary in his speech has devoted a paragraph to standardisation. Of the resolution, only the form has been taken and the spirit has been thrown out. The motive with which the resolution was passed was that a reasonable amount should be saved for the State. In spite of all that, we have now a standardisation scheme under which even the Financial Secretary cannot say what he will be able to save. In a sermon-like answer given this morning, he has disclosed what he thinks of and what he hopes for out of the standardisation scheme. Sir, all this is a challenge to public opinion.

Another thing which I want to bring to the notice of the House is about the order prohibiting the labourers of Alleppey to present their grievances to His Highness the Maharaja of Travancore. Sir, it is the birthright of a subject of Travancore to present his grievances before His Highness the Maha Raja.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: I want to make this clear. The member said that something was done by Government to prevent people from giving their grievances before His Highness the Maha Raja of Travancore. The member probably meant Government and not His Highness the Maharaja. If it is His Highness the Maha Raja, then this House has nothing to do with that matter.

MR. R. SIVARAMAN NAIR (*Tiruvella II*): I meant Government. There was no necessity for the prohibition order.

MR. P. K. NARAYANA PILLAI (*Ambalapuzha I*): By whom?

MR. R. SIVARAMAN NAIR (*Tiruvella II*): By the District Magistrate.

MR. P. K. NARAYANA PILLAI (*Ambalapuzha I*): Is the member in order in commenting on that order which is a judicial order?

DEPUTY PRESIDENT: I think the passing of such an order does not make it *sub judice*. Unless the matter is before a court, it cannot be *sub judice*. Mr. Sivaraman Nair is only mentioning it and not expatiating on it.

MR. R. SIVARAMAN NAIR (*Tiruvella II*): There was no necessity for such an order. A sympathetic word to the factory labourers would have been enough particularly in view of the fact that Government have introduced a Bill to regulate the work of factory employees. All these things surely show that the present actions of the Government are challenges to public opinion. The stability of Government depends on the moral support of the people of the State. Government must try to get more and more of it. I hope that Government will care more and more to do in accordance with public opinion and respect it.

MR. M. K. JANARDANA KAMATH (*Commerce and Industry, North*): ഫിനാൻഷ്യൽ സിക്രട്ടറി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ് നോക്കിയതിൽ, അതു കഴിഞ്ഞ ആണ്ടത്തെതിൽനിന്നും വ്യത്യസ്തപ്പെട്ടാണ് കാണുന്നതു്, അതായതു് ചിലവു കൂടുതലും വരവു കുറവും ആയിട്ടാണ് കാണുന്നതു്. ഈ ബഡ്ജറു സൂക്ഷ്മമായി പരിശോധിച്ചാൽ വാസ്തവത്തിൽ ശരിയായ ഒരു ബഡ്ജറാണിതെന്നുള്ളതു കാണുവാൻ കഴിയും. സാധാരണ ചില സംഗതികളെപ്പറ്റി ആദ്യംഉള്ളതു് തുറന്നു പറഞ്ഞാൽ അവസാനം ആപകടത്തിൽ കലാശിക്കാറുണ്ടു്. ഈ ബഡ്ജറിൽ യാതൊന്നും മറച്ചു വച്ചതായി തോന്നുന്നില്ല. ഇതു ഇപ്രകാരം രൂപീകരിക്കുന്നതിനു് ഫൈനാൻഷ്യൽസിക്രട്ടറി വളരെ നിഷ്കർഷ ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ബഡ്ജറിൽ കാണിച്ചിരിക്കുന്ന ചിലവിനങ്ങളം അതിൽ കൊള്ളിച്ചിട്ടുള്ള തുകകളം കൊണ്ടു തന്നെ അവസാനിപ്പിക്കാമോ എന്നു് ഒരു സംശയം എനിക്കു തോന്നുന്നു. അതായതു് ഇപ്പോൾ കാണിച്ചിരിക്കുന്ന ചിലവുകൾക്കായി നീക്കിവെ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിയ്ക്കുന്ന സംഖ്യകൾകൊണ്ടു ഈ ബഡ്ജറിലെ ഓരോ ഐറ്റംസും (items-ം) പൂർത്തിയാക്കാമോ എന്നാണ് എന്റെ സംശയം. അവ സ്വാനം കുറെക്കൂടി വേണ്ടിവരും എന്നു പറയാനാണെളുപ്പം. ഈ ബഡ്ജറ് ഇപ്രകാരം രൂപീകരിക്കുവാൻ ഇടയായിട്ടുള്ളതു് ഒരു പക്ഷെ ഫൈനാൻഷ്യൽ സെക്രട്ടറി ആയം മാറിയതു കൊണ്ടായിരിക്കുമെന്നാണു് ഞാൻ ഊഹിക്കുന്നതു്.

ഇതിലെ ചിലവു നോക്കുന്നതായിരുന്നാൽ രാജ്യത്തിന്റെ ക്ഷേമം, അതിനു യാതൊരു കുറവും കൂടാതെ, അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെ ഇരിക്കുന്നു എന്നു തോന്നിപ്പോകും. പക്ഷെ, രാജ്യത്തിന്റെ സ്ഥിതി അതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമായ ഒരു സംഗതിയാണ്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധി ആ രാജ്യത്തു അധിവസിക്കുന്ന ജനങ്ങളിൽഭൂരിപക്ഷം ജനങ്ങളുടെ അഭിവൃദ്ധിയെ ആണു് ആശ്രയിച്ചിരിക്കുന്നതു്. ജനങ്ങളുടെ കഷ്ടപ്പാടുകളെപ്പറ്റിയും ധനസ്ഥിതിയെപ്പറ്റിയും യാതൊന്നും ആലോചിക്കാതെ അവരിൽനിന്നും എത്ര സംഖ്യ എങ്ങനെയെല്ലാം ഇടോക്കാമോ അത്രയും കണക്കാക്കി ഈ ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടു്. അടുത്ത കൊല്ലം നമ്മുടെ ഗവണ്മെൻറിനു കിട്ടാനുള്ള ആദായം ഉദ്ദേശിക്കുന്നതുപോലെ ഉള്ള ഇനങ്ങളിൽനിന്നും കിട്ടുമോ എന്നും അഥവാ കിട്ടിയില്ലെങ്കിൽ അതു് ഏതു തരത്തിലെങ്കിലും ഈടാക്കാമെന്നും വിചാരിക്കുന്നതു് ഇപ്പോഴത്തെ പരിതസ്ഥിതിക്കു് ശരിയാണോ എന്നു ഗവണ്മെൻറു് ആലോചിക്കേണ്ടതാണ്. ഗവണ്മെൻറിന്റെ ആദായത്തിൽ പ്രധാനമായ ഒരു വരവു് ഏറിയ ഭാഗവും കർഷകരിൽനിന്നുമാണ് ലഭിക്കുന്നതു്. കൃഷിക്കാർക്കു അവരുടെ ബുദ്ധിമുട്ടിനും കഷ്ടപ്പാടുകൾക്കും തക്കവണ്ണമുള്ള യാതൊരു സൌകര്യവും ചെയ്തുകൊടുക്കാതെ അവരിൽനിന്നും കരം മാത്രം ഈടാക്കുന്നതിനു കർശനമായ നടപടി ഗവർമെന്റു് കാണുന്നു. കാർഷികോൽപന്നങ്ങളുടെ വിലക്കുറവു നിമിത്തം നമ്മുടെ രാജ്യത്തുള്ള പല പണ്ടകശാലകളും തോട്ടങ്ങളും മാറും നിന്നുപോയിട്ടുള്ളതിനാൽ തൊഴിലില്ലാതെ ചുറ്റി സഞ്ചരിക്കുന്ന പല സാധുക്കളും നമ്മുടെ നാട്ടിൽ ഉണ്ടു്. അവക്കു് എന്തെങ്കിലും തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നതിനു് ഗവണ്മെൻറു് വല്ല പുതിയ പദ്ധതികൾക്കും വേണ്ട സംഖ്യ ബഡ്ജറിൽകൊള്ളിച്ചിരുന്നെങ്കിൽ അതു് തൊഴിലില്ലായ്മക്കെങ്കിലും ഒരു പരിഹാരമാകുമായിരുന്നു. ക്ഷാമം കൊണ്ടും ഉൽപന്നങ്ങളുടെ വിലക്കുറവു കൊണ്ടും ഭൂമിയിൽ നിന്നു കിട്ടുന്ന വിളവുകളുടെ ചുരുക്കം കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Janardana Kamath.]

കർഷകർ വളരെ കഷ്ടതകളം അനുഭവിക്കുന്ന ഇക്കാലത്തു് അവരിൽനി ന്നും കരം ഈടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറു് യാതൊരു ദാക്ഷിണ്യവും കാണിക്കുന്നില്ല. എത്ര എത്ര വസ്തുക്കളാണു് കരത്തിനു വേണ്ടിവേലത്തിൽ വിൽക്കപ്പെടുന്നതു്? ഈ ഒരു കാര്യത്തിലെങ്കിലും ആയി എന്തെങ്കിലും ഒരു ആനുകൂല്യം ഗവണ്മെൻറു് കൃഷിക്കാർക്കു ചെയ്തു കൊടുക്കേണ്ടതാണെന്നുമാത്രമാണു് എനിക്കു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാനുള്ളതു്. നമ്മുടെ രാജ്യത്തിലെ ഉൽപന്നങ്ങൾക്കു ഗവണ്മെൻറു് തീരുവ ചുമത്തുന്നു. ഉൽപന്നങ്ങൾക്കു വളരെ വിലക്കുറവുള്ള ഇക്കാലത്തു താരിപ്പു വില കണ്ടോള വിലയെക്കാൾ എത്രയോ കൂടുതലായിട്ടാണു് കാണുന്നതു്.

ഈ സംസ്ഥാനത്തുള്ള ടോൾസു് നിർത്തണമെന്നു നിയമസഭയിൽ പാസ്സായതായി ഞാൻ ഓർക്കുന്നു. എന്നാൽ നമ്മുടെ ഗവണ്മെൻറു് അതു അനുസരിച്ചു പ്രവൃത്തിക്കേണ്ടതിനു പകരം കൂടുതലായി ടോൾ ഏർപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇതു ജനപ്രതിനിധികളുടെ അഭിപ്രായത്തിനു് വിപരീതവും സാധുക്കൾക്കു വളരെ സങ്കടവുമായിട്ടുള്ള ഒരു സംഗതിയാണു്. അതുകൊണ്ടു അതു എത്രയും വേഗം നിർത്തേണ്ടതാണു്.

ഒരു പരിഷ്കൃതരാജ്യത്തിൻെറ പ്രധാനലക്ഷണം അതിൻെറ മദ്ധ്യത്തിൽകൂടി ഒരു റെയിൽവേ ഉണ്ടായിരിക്കുകയെന്നുള്ളതാണു്. നമ്മുടെ രാജ്യം ഒരു പരിഷ്കൃതരാജ്യമെന്നും വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്ന ഒരു രാജ്യമെന്നും നമുക്കു അഭിമാനിക്കാമെന്നിരുന്നാലും അതിൻെറ മദ്ധ്യത്തുകൂടി ഒരു റെയിൽവേ തുറക്കാൻ ഇനിയും സാധ്യമല്ലെന്നു വരുന്നതു വളരെ കഷ്ടം തന്നെ. അടുത്ത സംസ്ഥാനമായ കൊച്ചിയിൽ ഒരു മീറ്റർ ഗേജു തുടങ്ങുകയും പിന്നീടു അതു ബ്രാഡ്ഗേജാക്കുകയും അതു വിജയകരമായി കലാശിക്കുകയും ചെയ്യുന്ന സ്ഥിതിക്കു്, തിരുവിതാംകൂറും കൊച്ചിയും ആയി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെ ശരിയായ വിധത്തിൽ ഒരു റെയിൽവേ നടപ്പാക്കി സാധുക്കളുടെ ഗതാഗതത്തെ സൌകര്യപ്പെടുത്തേണ്ടതു് എത്രയും അത്യാവശ്യമാണു്. കായിലോൺ-എറണാകുളം റെയിൽവേ ഉടനടി തീർത്തുകൊടുക്കുന്നതു സാധുക്കളായ ജനതതിക്കു ഒരു വലിയ അനുഗ്രഹമായിരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരതിരുവിതാംകൂറിലെ ഗതാഗതസൌകര്യങ്ങളിലും ചീഫ് ഇൻജിനീയരുടെ ശ്രദ്ധ കൂടുതൽ പതിയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ പ്രധാനമായ റോഡ് മെയിൻ സെൻട്രൽറോഡ് ആണു. ആ റോഡിൽ എങ്കിലും വേണ്ടതായ പാലം പണിയിക്കുന്നതിലേക്കു ഇനിയും ചീഫ് ഇൻജിനീയർ ശ്രദ്ധിക്കുന്നില്ലെന്നു കാണുന്നതു ശരിയല്ല. ആലുവാ ആറ്റിൽ ഒരു പാലം പണിയിക്കണമെന്നുള്ള സംഗതി പ്രജാസഭയിലും നിയമസഭയിലും പല പ്രാവശ്യവും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടു വന്നിട്ടുണ്ടെങ്കിലും ആ ഒരു പാലത്തിന്റെ പണി ഇനിയും തുടങ്ങുന്നതിനു ഇതുവരെ ഗവണ്മെൻറു ശ്രദ്ധിച്ചിട്ടില്ല. വെറും ആഡംബരത്തിനു മാത്രം പല വമ്പിച്ച തുകകളും ചിലവാക്കിക്കൊണ്ടിരിക്കുന്ന ഗവണ്മെൻറു ഇതു അത്യാവശ്യമായിട്ടുള്ള ഒരു പണി തുടങ്ങുന്നതിൽ തീരെ ശ്രദ്ധ പതിപ്പിക്കാത്തതു് എന്തു കൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. തിരുവിതാംകൂർ സന്ദർശിക്കുന്നതായ വൈസ്രായി മുതലായ മാന്യഅതിഥികൾ മുതൽ ഈ രാജ്യത്തെ അനേകം ലക്ഷം സാധുക്കൾവരെ ഈ പാലത്തിന്റെ അഭാവം കൊണ്ടു് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാവുന്നതാണു്. വർഷകാലങ്ങളിൽ യൂണിയൻ ക്രസ്ത്യൻ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളും മറ്റും പാലത്തിന്റെ അഭാവംമൂലം അനുഭവിച്ചു വരുന്ന ക്ലേശങ്ങളും അവക്കുണ്ടാകാവുന്ന അപകടങ്ങളും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ഈ വൈഷമ്യങ്ങൾ എല്ലാം ഗവണ്മെൻറു് അറിഞ്ഞിരുന്നുവെങ്കിൽ ഈ പണി തുടങ്ങുന്നതിലേയ്ക്കു ഗവണ്മെൻറു താമസിക്കയില്ലായിരുന്നു എന്നാണു് എന്റെ വിശ്വാസം. അതിനാൽ ഞാൻ ബോധിപ്പിച്ചിട്ടുള്ള സംഗതികളിൽ ഗവണ്മെൻറിന്റെ കൂടുതൽ ശ്രദ്ധ പതിയുകയും അനാവശ്യമായ സ്ഥാപനങ്ങളെല്ലാം നിർത്തി ആവശ്യമായവയെ ചുരുങ്ങിയ ചിലവിൽ നടത്തുന്നതിനു ഗവണ്മെൻറു സാഹിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. SANKARAN (*Kartikapalli I*): Sir, a reading of the Financial Secretary's speech convinces the members on this side of the House that there has been a fundamental deviation from the policy hitherto followed by Government. The financial policy of the State seems to have undergone a fundamental change. The demand of the people that the functions of the Financial Secretary and those of the Account Officer should not be muddled together has engaged the serious attention of the Government and as a consequence they have decided to separate the functions of these officers and to place them under different heads. This I consider to be an important reform, even though rather late, which has been decided upon by the Government.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sankaran.]

Then there are several other important items of reforms which the Government have now thought of taking into consideration. The repeated demand of several non-official members that the necessity for supplying good drinking water wherever it is necessary should engage the immediate attention of Government has also received their attention and as a consequence they have now decided to take up the Water Supply Scheme at least for the major Municipal towns, *viz.*, Nagercoil, Alleppey and Shencotta. One very redeeming feature as regards this water supply scheme is the diversion that the Government has proposed to meet in financing such schemes. In the case of the Water Supply scheme for Trivandrum, even though it is a capital work, the whole of the expenditure was met by the Government without taking any contribution from the Municipality. Now, at any rate, to do such works a portion of the money required is to be contributed by those Municipalities and the remainder alone to be met from the general revenue of the State. That is well and good. In this connection, I have to submit one thing. In the case of people who inhabit the coastal regions where the need for good drinking water is much more felt, Government cannot hope to get any contribution if they ultimately decide upon any sueh schemes by which these people can get good drinking water. Even though Government may have to spend a good deal of money in that respect, I request them to take up that matter at the earliest possible opportunity. Those places are thickly populated and the people there are poor also. The need for getting good drinking water is acute and that cannot be denied to them. A scheme for such a supply may not cost a good deal of money to Government. Personally, I am not an expert for estimating the amount required for such huge undertakings. From the way in which Government propose to provide for the water supply in the three municipal towns and by the estimates that they have prepared, I am rather tempted to believe that, if some sort of scheme is devised by Government by which the people inhabiting the coastal regions stretching from Chirayinkil to Shertala in the north can be provided with good drinking water, it may not cost a good deal of money to the Government and they will be doing a good thing to those people.

Then there are ever so many schemes which the Government have pitched upon. One such scheme is the industrial scheme. It has been stated that Government themselves have realised the fact that the ultimate prosperity of the State cannot be from agriculture and the only prosperity that this State as well as other States can hereafter hope for is only from industrial concerns. It is also conceded by everybody that there are immense possibilities for the development of all sorts of industries in our State. Government seem to have realised this fact. As a result of this, Government have now started the Rubber Factory at Trivandrum and they propose to start a Paper Mill at Alwaye and the Porcelain Factory at Quilon. All these industries are bound to thrive. But I have my own misgivings about the ultimate

LIBRARY ARCHIVES Kerala Legislative Assembly

fate of these industries. Whatever articles we are able to manufacture out of these industrial concerns are to be sent out to the open markets in Travancore and in the adjoining districts or elsewhere. In the open market we are to compete with similar articles imported from other countries such as Japan and European countries. The very sorry feature of our industry is that we have absolutely no power to protect our industries by any tariffs. We have absolutely no right to protect our thriving industries from foreign competition. The question of imposing customs duties on those articles is entirely out of our hands and we have only to look to the tariff value or customs duties that the British Indian Government is pleased to impose. If we are not able to influence the British Indian Government to impose such duties and tariff values as would protect our industry, many of the articles that we may be able to manufacture may meet with serious competition in the open markets; and if we are not able to sell our articles at reduced rates, a good lot of the money that we have spent may be waste.

